"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കേരള തീരത്തിൽ മത്സ്യബന്ധനം നടത്തുന്ന അന്യ സംസ്ഥാന ബോട്ടുടമകളിൽ നിന്ന് ഈടാക്കുന്ന യൂസർ ഫീ **25,000/-** രൂപയിൽ നിന്നും **15,000/-** രൂപയായി കുറവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**13/2026/F&P** തിരുവനന്തപുരം, **07-01-2026**

---

പരാമർശം:-
1. **09.06.2012** ലെ സ. ഉ (കൈ) നമ്പർ **66/2012**/മതുവ നമ്പർ ഉത്തരവ്
2. **08.07.2013** ലെ സ. ഉ (കൈ) നമ്പർ **45/2013**/മതുവ നമ്പർ ഉത്തരവ്
3. **02.07.2016** ലെ സ. ഉ (കൈ) നമ്പർ **15/2016**/മതുവ നമ്പർ ഉത്തരവ്
4. ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ **04.03.2025** ലെ **DFTVM/3751/2023-G1** നമ്പർ കത്ത്

**ഉത്തരവ്**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് **1985** ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നതും, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങളിൽ നിന്നും നിയമാനുസൃതമായി വിഹിതം ഈടാക്കി വരുന്നുമുണ്ട്. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങളിൽ നിന്നും യൂസർ ഫീസ് ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യക്തമായ വ്യവസ്ഥകൾ ഇല്ലെങ്കിലും, ബോർഡിന്റെ ക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് മേൽ പരാമർശ ഉത്തരവുകൾ പ്രകാരം യൂസർ ഫീസ് ഈടാക്കി വരികയായിരുന്നു.

2) അന്യസംസ്ഥാന മത്സ്യബന്ധന യാനങ്ങളിൽ നിന്നും മൂന്ന് മാസത്തേക്ക് **15,000/-** രൂപ യൂസർ ഫീസായി ഈടാക്കാൻ പരാമർശം **(1)** പ്രകാരം

ഉത്തരവായിരുന്നു . തുടർന്ന് പരാമർശം (2) പ്രകാരം യൂസർ ഫീസ് മൂന്ന് മാസത്തേക്ക് 10,000/- രൂപയായി കുറയ്ക്കുകയും, പിന്നീട് പരാമർശം (3) പ്രകാരം വാർഷികമായി 25,000/- രൂപയായി പുനർനിശ്ചയിക്കുകയും ചെയ്തിരുന്നു. ഇതിനിടെ മത്സ്യസമ്പത്തിന്റെ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും ഉറപ്പാക്കുന്നതിന് KMFR Act 1980 ലും, 2021 ൽ ഭേദഗതി ചെയ്യും, 2018 ൽ KMFR Rules നിലവിൽ വരികയും ചെയ്തു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം അന്യസംസ്ഥാന യാനങ്ങൾക്ക് തീരക്കടലിലൂടെ പ്രവേശിക്കുന്നതിനും ഹാർബർ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമായി വാർഷിക സ്പെഷ്യൽ പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

3) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള യാനങ്ങളും അടയ്ക്കേണ്ട ഫീസുകളിൽ വ്യത്യാസം നിലനിൽക്കുന്നുണ്ട്. കൂടാതെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് യൂസർ ഫീസ് ഈടാക്കുന്നതിന് വ്യക്തമായ നിയമപരിരക്ഷ ഇല്ലാത്ത സാഹചര്യവും നിലവിലുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നിലവിൽ സ്പെഷ്യൽ പെർമിറ്റ് ഫീസ് ഈടാക്കുന്നത് കെ.എം.എഫ്.ആർ. ആക്ടിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. അന്യസംസ്ഥാന മത്സ്യബന്ധന യാനങ്ങളിൽ നിന്നും നിലവിൽ ഈടാക്കി വരുന്ന 25,000/- രൂപ യൂസർ ഫീസ് 15,000/- രൂപയായി കുറയ്ക്കുന്നതിലൂടെ, അധിക ഫീസ് ഈടാക്കുന്നു എന്ന പരാതി ഒഴിവാക്കുവാനും, യൂസർ ഫീസ് അടയ്ക്കുന്നതിന് അന്യസംസ്ഥാന യാനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും, അതുവഴി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം സ്ഥിരതയാർജ്ജിക്കുവാനും സാധിക്കുമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, അന്യസംസ്ഥാന യാനങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തെ മത്സ്യോത്പാദനം വർധിപ്പിക്കുന്നതിനും അനുബന്ധ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും കയറ്റുമതി മേഖലയുടെ പുരോഗതിക്കും സഹായകരമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളതീരത്തിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന ബോട്ടുടമകളിൽ നിന്നും ഈടാക്കുന്ന യൂസർ ഫീ പരാമർശം രണ്ടിലെ ഉത്തരവിൽ പരാമർശിച്ചിരുന്ന 25,000/- രൂപയിൽ നിന്നും 15,000/- രൂപയായി കുറവ് ചെയ്ത് ഉത്തരവാകുന്നു.

5) പ്രസ്തുത യൂസർ ഫീസ്, KMFR Rules 2018 ചട്ടം 3(4) പ്രകാരം അന്യസംസ്ഥാന യാനങ്ങൾക്ക് തീരക്കടലിലൂടെ പ്രവേശിക്കുന്നതിനും ഹാർബർ

സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമായി ഈടാക്കുന്ന വാർഷിക സ്പെഷ്യൽ പെർമിറ്റ് ഫീസിന് പുറമെ ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്,തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ 11, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. സി3/32/2025/മതുവ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 07-01-2026 14:30:05